**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>പട്ടികവർഗ്ഗ വികസന വകുപ്പിലെ പദ്ധതി വിനിയോഗം</u>**

**2430 ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടിക വർഗ്ഗ വികസന വകുപ്പിൽ 2001 -06 വരെയും 2006-11 വരെയുള്ള പദ്ധതി വിനിയോഗത്തിന്റെ കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പട്ടികവര്‍ഗ്ഗക്കാരുടെ പരമ്പരാഗത തൊഴില്‍ മേഖലയുടെ സംരക്ഷണം</u>**

**2431** ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗക്കാരുടെ പരമ്പരാഗത തൊഴില്‍ മേഖലയുടെ സംരക്ഷണത്തിനായി ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ; കഴിഞ്ഞ സാമ്പത്തികവര്‍ഷം ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികവര്‍ഗ്ഗക്കാരുടെ ഉല്‍പ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞവര്‍ഷം സര്‍ക്കാര്‍ ഖജനാവില്‍ നിന്നും എന്തുതുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യം**

2432 ശ്രീ. ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഇതിനുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതിയ പദ്ധതികളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ

## 20.06.2012 -ലെ മറുപടിക്ക്

**പട്ടികവര്‍ഗ്ഗ മേഖലയില്‍ കുടുംബശ്രീ പദ്ധതികള്‍ക്ക് അനുവദിച്ച തുക**

**2433**

**ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

**ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം പട്ടികവര്‍ഗ്ഗ മേഖലയില്‍ കുടുംബശ്രീ പദ്ധതികള്‍ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി**

2434 ശ്രീ. എ. കെ. ബാലൻ
,, എസ്. രാജേന്ദ്രൻ
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2012 മാർച്ച് 31 വരെ ഇത്തരത്തിൽ എത്ര പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചുവോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ട്രൈബല്‍ സഹായി സെന്റര്‍</u>

2435 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ട്രൈബല്‍ ഏര്യാകളില്‍ സഹായി സെന്റര്‍ പ്രവര്‍ത്തിക്കുന്നുണ്ട് ;

(ബി) കഴിഞ്ഞ വര്‍ഷം എത്ര സെന്ററുകള്‍ പ്രവര്‍ത്തനം ആരംഭിച്ചുവെന്നും അത് ഏതെല്ലാമെന്നും വ്യക്തമാക്കാമോ; ഈ സെന്ററുകള്‍ ആരംഭിക്കാന്‍ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സഹായ സെന്ററുകള്‍ വഴി ലഭിക്കുന്ന സേവനങ്ങള്‍ ഏതെല്ലാമെന്ന് വിവരിക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### ററി. ആര്‍. ഡി.എം. പദ്ധതി

2436 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ററി. ആര്‍. ഡി.എം വഴി എത്ര പേര്‍ക്ക് ഭൂമിയും പുതിയതായി വീടും നല്‍കിയിട്ടുണ്ടെന്നുള്ള വിവരം നല്‍കുമോ;

(ബി) പുനരധിവാസകേന്ദ്രങ്ങളില്‍ ഇപ്പോഴും വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകാറുള്ളതായി സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ;

(സി) പുനരധിവാസകേന്ദ്രങ്ങളില്‍ പ്രത്യേകിച്ച് മറയൂര്‍, കുണ്ടള, ആറളം ചിന്നക്കനാല്‍ മുതലായ പ്രദേശങ്ങളില്‍ ‘SOLAR FENCING’ പൂര്‍ത്തീകരിക്കുവാന്‍ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കില്‍ വിശദാംശം നല്‍കുമോ; ആയാത് എത്ര നാളുകള്‍ക്കുള്ളില്‍ പൂര്‍ത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 20.06.2012 -ലെ മറുപടിക്ക്

**ആദിവാസി കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ്**

2437 ശ്രീ. വി. ഡി. സതീശൻ
,, ഷാഫി പറമ്പിൽ
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) തിരിച്ചറിയൽ കാർഡിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) കാർഡ് ലഭിക്കുന്നതുമൂലം ആദിവാസികൾക്കുണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പട്ടികവര്‍ഗ്ഗ കുടുംബങ്ങളില്‍ റേഷന്‍ കാര്‍ഡ് നല്‍കുന്നതിന് നടപടി</u>**

2438 ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്
,, എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ കുടുംബങ്ങളില്‍ റേഷന്‍ കാര്‍ഡ് ഇതുവരെ ലഭിക്കാത്തവരുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ ;

(ബി) റേഷന്‍ കാര്‍ഡിന്റെ അഭാവം മൂലം സര്‍ക്കാരില്‍ നിന്ന് ലഭിക്കേണ്ടതായ ആനുകൂല്യങ്ങള്‍ ഇവര്‍ക്ക് യഥാസമയം ലഭിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സൗജന്യമായി നല്‍കുന്ന അരി, റേഷന്‍ കാര്‍ഡ് ഇല്ലാത്ത പട്ടിക വര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) 2011-2012 സാമ്പത്തിക വര്‍ഷം പട്ടികവര്‍ഗ്ഗ ക്ഷേമത്തിന് വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

**2439 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ആരംഭിച്ചതും പൂർത്തീകരിച്ചതുമായ പ്രവർത്തനങ്ങളുടെ വിശദാംശം പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പട്ടിക വിഭാഗത്തിൽ മിശ്രവിവാഹ ധനസഹായം</u>

2440 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവനജനകാര്യവും കാഴ്ചബ
ംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടിക വിഭാഗത്തിൽ മിശ്ര വിവാഹ ധനസഹായം എത്രയായിരുന്നു; പ്രസ്തുത ധനസഹായം എത്രയായി വർദ്ധിപ്പിച്ചു കൊടുത്തു;

(ബി) ഈ സർക്കാർ എത്ര പേർക്ക് പ്രസ്തുത ധനസഹായം നൽകിയിട്ടുണ്ട്; പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മറാഠി സമുദായത്തിൽപ്പെട്ടവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ നടപടി**

2441 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വളരെ പിന്നോക്കവും ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുമായ മറാഠി സമുദായത്തിൽപ്പെട്ടവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിക്കുന്നതിനും, ഇവരെ ഈ ലിസ്റ്റിൽ തന്നെ നിലനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.06.2012 -ലെ മറുപടിക്ക്

## മൊബൈൽ മെഡിക്കൽ യൂണിറ്റ്

**2442 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജില്ലകൾ തോറും ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുമെന്ന സപ്തധാര പദ്ധതിയുടെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിൽ ഇതുവരെ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇതിനായി എന്ത് തുക ചെലവായി; എത്ര പേർക്കിതിന്റെ സേവനം ലഭ്യമാക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പട്ടികവര്‍ഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താന്‍ നടപടി**

2443

ശ്രീ. പി. എ. മാധവന്‍
,, കെ. അച്ചുതന്‍
,, വി. പി. സജീന്ദ്രന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പകര്‍ച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും ഇല്ലാതാക്കുന്ന വിധത്തില്‍ ആരോഗ്യ പ്രവര്‍ത്തനം ഊര്‍ജിതമാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) മെച്ചപ്പെട്ട ആശുപത്രികള്‍ ഇവരുടെ വാസസ്ഥലത്തിനടുത്ത് തുടങ്ങുന്നതിനും രോഗപ്രതിരോധത്തിനായി ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പിക്കുന്നതിനും തയ്യാറാകുമോ; ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം</u>

**2444 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവനജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗക്കാർക്കുള്ള ചികിത്സാ സഹായമായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്; കേന്ദ്ര ധനസഹായമായി എത്ര രൂപ ലഭിക്കുന്നുണ്ട്;

(ബി) എൻ.കെ.രാജൻ, ഓമല്ലൂർ, കാഞ്ഞിരന്താനം എന്നയാളുടെ ചികിത്സാ ധനസഹായത്തിനു വേണ്ടി ബഹുമാനപ്പെട്ട മന്ത്രിക്ക് 8-2-2012ൽ നൽകിയ അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ, ചികിത്സാ ധനസഹായം വ്യക്തികൾക്ക് ഏതു മാർഗ്ഗത്തിലൂടെയാണ് വിതരണം ചെയ്യുന്നത്?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് സമഗ്ര ആരോഗ്യ പദ്ധതി</u>

2445 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവനജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലാദ്യമായി ആദിവാസികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പു നൽകുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ആനുകൂല്യം എത്ര ആദിവാസികൾക്ക് ലഭിച്ചിട്ടുണ്ട്; ഇതുവരെ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പിൻതുടരുന്നുണ്ടോ എങ്കിൽ വിശദമാക്കാമോ;

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകള്‍**

**2446** **ശ്രീ. എ. കെ. ബാലന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **ആദിവാസിമേഖലയില്‍ എത്ര സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലയും മേഖലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;**

(ബി) **ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം പുതുതായി എത്ര യൂണിറ്റുകള്‍ കൂടി ആരംഭിച്ചു; ജില്ലയും മേഖലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കൂമ്പാറ ഗവൺമെന്റ് ട്രൈബൽ എൽ. പി. സ്കൂൾ കെട്ടിടം പുനർ നിർമ്മാണം**

**2447 ശ്രീ. സി. മോയിൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവു
കളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കൂടരഞ്ഞി പഞ്ചായത്തിലെ കൂമ്പാറ ഗവൺമെന്റ് ട്രൈബൽ എൽ. പി. സ്കൂൾ കെട്ടിടം അൻപത് വർഷത്തിലേറെ പഴക്കമുള്ളതും മേൽക്കൂര ജീർണ്ണിച്ച അവസ്ഥയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ കെട്ടിടം പുനർ നിർമ്മിക്കാനുള്ള അനുമതികളും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ**

2448 **ശ്രീ. എം.ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം എം.ആർ.എസ്.പട്ടികവർഗ്ഗ വികസന വകുപ്പിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പുതിയ പ്ലസ് ടു കോഴ്സുകൾക്ക് അനുമതി നൽകിയെന്നും, അതുവഴി എത്ര സീറ്റുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**വയനാട്ടിൽ ട്രൈബൽ മെഡിക്കൽ കോളേജ്**

**2449** **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ട്രൈബൽ മെഡിക്കൽ കോളേജ് തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലായോ ; ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഈ ആവശ്യത്തിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു; ഇതിൽ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പട്ടികവര്‍ഗ്ഗ കോളനികളില്‍ വൈദ്യുതി എത്തിക്കുന്നതിന് നടപടി**

2450 **ശ്രീ. പുരുഷന്‍ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ കോളനികളില്‍ വൈദ്യുതി എത്തിക്കുന്നതിന് മുന്‍ എല്‍.ഡി.എഫ് സര്‍ക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നിട്ട് എത്ര പട്ടികവര്‍ഗ്ഗ കോളനികളില്‍ വൈദ്യുതികരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സോളാർ വൈദ്യുതി</u>**

**2451**

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**
**,, അബ്ദുറഹിമാൻ രണ്ടത്താണി**
**,, എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സോളാർ വൈദ്യുതി ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ;**

(ബി) **വൈദ്യുതി ലഭ്യതയില്ലാത്ത സംസ്ഥാനത്തിന്റെ മലയോര മേഖലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളെക്കുറിച്ചുള്ള വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അവയെ സംബന്ധിച്ച വിശദ വിവരം നൽകാമോ;**

(സി) **മുൻകാലത്ത് പട്ടികവർഗ്ഗ മേഖലയിൽ സോളാർ വൈദ്യുതി ഉപയോഗിച്ചുള്ള ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നും അവ ഇപ്പോഴും പ്രവർത്തനക്ഷമമാണോ?**

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>മണ്ണന്തലയിലെ അംബേദ്കർ ഭവൻ</u>

2452

**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മണ്ണന്തലയിലെ അംബേദ്കർ ഭവന്റെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ;**

(ബി) **ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചത്; ഇതിനായി ഇതുവരെ എത്ര തുക ചെലവായി; നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ ?**

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>'സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ'</u>**

**2453 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവു കളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **യുവജനങ്ങളിൽ ഭാഷാപരിശീലനം, വ്യക്തിത്വ വികസനം, നൈപുണ്യ വികസനം എന്നിവയിൽ പരിശീലനം നൽകുന്നതിനായി 'സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ' ആരംഭിക്കുമെന്ന സപ്തധാര പരിപാടിയുടെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;**

(ബി) **എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഇത് നടപ്പാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**‘ഗദ്ദിക’ നാടൻകലാ - വിപണനമേള**

**2454** **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ‘ഗദ്ദിക’ നാടൻകലാ-വിപണനമേളയുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>എൽ. ഇ. ഡി. ലൈറ്റിങ്ങ്</u>

2455 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങളിലും മറ്റനുബന്ധ സ്ഥാപനങ്ങളിലും എൽ. ഇ. ഡി. ലൈറ്റീങ്ങ് സ്ഥാപിച്ച്, വൈദ്യുതിയും പണവും ലാഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരം പ്രവർത്തികൾ എവിടെയെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതാടൊപ്പം സൗരോർജ്ജ വൈദ്യുത സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>മ്യൂസിയം, മൃഗശാല എന്നിവിടങ്ങളിൽ ഓട്ടോമാറ്റിക് ടിക്കറ്റിംഗ് കിയോസ്ക്ക്</u>**

**2456 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉത്സവകാലങ്ങളിൽ മ്യൂസിയം, മൃഗശാല എന്നിവ കാണാനെത്തുന്നവർക്ക് കൗണ്ടർ വഴി ടിക്കറ്റ് കൊടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് □ഓട്ടോമാറ്റിക് ടിക്കറ്റിംഗ് കിയോസ്ക്ക്□ സ്ഥാപിക്കുന്നതാണെന്ന സപ്തധാര പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മെഷീൻ സ്ഥാപിക്കുകയാണെങ്കിൽ അതിന്റെ ചുമതല ആർക്കാണ് നൽകുവാനുദ്ദേശിക്കുന്നത്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കാഴ്ചബംഗ്ലാവുകളിലുള്ള ജീവികളുടെ എണ്ണം**

**2457 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാഴ്ചബംഗ്ലാവുകളിൽ ഏതെങ്കിലും മൃഗങ്ങൾ കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ചത്തൊടുങ്ങിയിട്ടുണ്ടോ;

(ബി) ഇന്ത്യയ്ക്കുപുറത്ത് നിന്നുള്ള ഏതെല്ലാം ജീവികളാണ് ഇപ്പോൾ കാഴ്ചബംഗ്ലാവുകളിലുള്ളതെന്ന് അറിയിക്കുമോ;

(സി) പുതിയ പക്ഷികളെയോ മൃഗങ്ങളെയോ മൃഗശാലകളിലേയ്ക്ക് യിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ജീവികളെ ഏതെല്ലാം മൃഗശാലയിലേക്കാണ് എത്തിക്കുവാൻ ഉദ്ദേശിക്കുന്നത് ?